**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 266** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>റേഷൻ അരിയുടെ കരിഞ്ചന്ത തടയുവാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | ശ്രീ. അനൂപ് ജേക്കബ് |
| ശ്രീ. എം. എ. റസാഖ് മാസ്റ്റർ | (ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി) |
| ശ്രീ. കല്ലട്ര മാഹിൻ | |
| ശ്രീ. ഫൈസൽ ബാബു | |

**(എ)** സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ കുറഞ്ഞ നിരക്കിൽ റേഷൻ അരി സംഭരിച്ച് ബ്രാൻഡഡ് അരിയായി വൻ വിലയ്ക്ക് വിറ്റു വരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. കേരളത്തിലെ അതിർത്തി പ്രദേശങ്ങളിൽ റേഷനരി എത്തിച്ച് വിവിധ ബ്രാൻഡുകളുടെ ചാക്കുകളിൽ കരിഞ്ചന്തയിൽ വിൽപ്പന നടത്തുന്നതായി ഒറ്റപ്പെട്ട സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതു സംബന്ധിച്ച് ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ ടീം രൂപീകരിക്കുകയും പ്രസ്തുത ടീം നിരന്തരമായി പരിശോധനകൾ നടത്തി വരുകയും ചെയ്യുന്നു. പൊതുവിതരണ വകുപ്പ് നേരിട്ടും പോലീസ് സഹകരണത്തോടും പരിശോധന നടത്തി വരുന്നുണ്ട്. നിയമലംഘനം കണ്ടെത്തുന്ന കേസുകളിൽ ടി ഭക്ഷ്യധാന്യം അവശ്യസാധന നിയമപ്രകാരം പിടിച്ചെടുത്ത് നടപടി സ്വീകരിച്ചു വരുന്നു.

**(ബി)** ഇത്തരം സംഭരണ കേന്ദ്രങ്ങളിൽ പരിശോധന ശക്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** റേഷൻ അരിയുടെ കരിഞ്ചന്ത തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തമിഴ് നാടുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിലാണ് തമിഴ് നാട്ടിൽ നിന്ന് അരി കടത്തിക്കൊണ്ടുവരുന്ന കേസുകൾ കൂടുതലും കണ്ടെത്തിയിട്ടുള്ളത്. ഇത്തരത്തിൽ കണ്ടെത്തുന്ന കേസുകളിൽ 1955 ലെ EC ACT പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ കളക്ടർ തലത്തിൽ കേസ് രേഖകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. നിയമലംഘനം തെളിയുന്ന കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പരിശോധനകൾ റേഷൻകടകളിലും പൊതുവിപണിയിലും നടത്തി വരുന്നുണ്ട്. നിശ്ചിത

ഇടവേളകളിൽ അന്തർ സംസ്ഥാന യോഗങ്ങൾ നടത്തുകയും, കളക്ടറുടെ അദ്ധ്യക്ഷതയിൽ കോ-ഓർഡിനേഷൻ യോഗങ്ങൾ ചേർന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അമിതവില നിയന്ത്രിക്കുന്നതുമായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/താലൂക്ക്തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണിയിൽ സ്ഥിരമായ പരിശോധന നടത്തി വരുന്നു. വിലവിവരപ്പട്ടിക പ്രദർശനം, പർച്ചേസ് ബില്ലുകളുടെ പരിപാലനം, നിശ്ചിത വിലയ്ക്കുള്ള വിൽപ്പന, അമിതവില ഈടാക്കൽ, പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത എന്നിവ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം 1977-ലെ Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order പ്രകാരം നടപടി സ്വീകരിക്കുന്നു.

**സെക്ഷൻ ഓഫീസർ**